**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി 30.06.2023**

**"കൈക്കൂലി കേസിൽ മുൻ ജില്ലാ സർവ്വേയറെ കഠിന തടവിന് ശിക്ഷിച്ചു".**

കൈക്കൂലി കേസിൽ കോഴിക്കോട് മുൻ ജില്ല സർവ്വേയർ ആയിരുന്ന ബിജു മോൻ മാത്യുവിനെയാണ് 25,000/- രൂപ കൈക്കൂലി വാങ്ങിയ കേസിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തി കോഴിക്കോട് വിജിലൻസ് കോടതി ഒരു വർഷം കഠിന തടവിനും 25,000/- രൂപ പിഴ കൊടുക്കുന്നതിനും ശിക്ഷിച്ചത്.

കോഴിക്കോട്, കൊത്തോളി- സിവിൽ സ്റ്റേഷൻ റോഡ് വീതി കൂട്ടുന്നതിൻറെ ഭാഗമായി പരതിക്കാരൻറെ പേരിലുള്ള വസ്തുവിന് സർക്കാർ ധനസഹായം കൂടുതൽ ലഭിക്കുന്നതിന് അനുകൂല റിപ്പോർട്ട് നൽകുന്നതിനായി 2013 കാലഘട്ടത്തിൽ കോഴിക്കോട് ജില്ല സർവ്വേയർ ആയിരുന്ന ബിജു മോൻ മാത്യു പരാതിക്കാരനോട് 50,000/- രൂപ കൈക്കൂലി ആവശ്യപ്പെടുകയും തുടർന്ന് 27/07/2013 ന് ആദ്യഗഡുവായ 25,000/- രൂപ കൈക്കൂലി വാങ്ങവെ കോഴിക്കോട് വിജിലൻസ് മുൻ ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. M. P. പ്രേംദാസ് കയ്യോടെ പിടികൂടി രജിസ്റ്റർ ചെയ്ത കേസ്സ് കോഴിക്കോട് വിജിലൻസ് മുൻ ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. K. അഷ്റഫ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപിച്ച കേസ്സിലാണ് പ്രതിയായ ബിജു മോൻ മാത്യു കുറ്റക്കാരനാണെന്ന് കണ്ടെത്തി കോഴിക്കോട് വിജിലൻസ് കോടതി ഇന്ന് (30/06/2023) ശിക്ഷ വിധിച്ചത്. പ്രോസിക്യൂഷനു വേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. V.K. ശൈലജൻ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.